ഭരണഭാഷ-മാതൃഭാഷ

നമ്പർ.കെ.എസ്.എ.എം.എൽ.പി4-462/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
മലബാർ ദേവസ്വം ഓഡിറ്റ്
മേഖലാ കാര്യാലയം, പാലക്കാട്.
ഫോൺ നമ്പർ-04912 527448.
email:hrepalakkad@gmail.com
തീയതി: 03-07-2026

ഡെപ്യൂട്ടി ഡയറക്ടർ.

എക്സിക്യൂട്ടീവ് ഓഫീസർ
ശ്രീ വിശ്വനാഥക്ഷേത്രം ദേവസ്വം ,
കൊടുവായൂർ.

സർ,

വിഷയം: കൊടുവായൂർ ശ്രീ വിശ്വനാഥസ്വാമി ദേവസ്വത്തിന്റെ 2023 മുതൽ 2025 വരെയുള്ള വർഷങ്ങളിലെ വാർഷിക കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്ന കൊടുവായൂർ ശ്രീ വിശ്വനാഥസ്വാമി ദേവസ്വത്തിന്റെ 2023 മുതൽ 2025 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് അയക്കുന്നു. ഈ റിപ്പോർട്ടിനുള്ള മറുപടി കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15[1] അനുസരിച്ച് ഈ റിപ്പോർട്ട് കിട്ടി രണ്ടു മാസത്തിനകം ഈ കാര്യാലയത്തിലേക്ക് അയച്ചു തരേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ.

ഉള്ളടക്കം-ഓഡിറ്റ് റിപ്പോർട്ട്

പകർപ്പ്:
1 ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇമെയിൽ).
2 പ്രസിഡന്റ്, മലബാർ ദേവസ്വം ബോർഡ്, കോഴിക്കോട് (ഉപരിപത്രസഹിതം).
3 അസിസ്റ്റന്റ് കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്, പാലക്കാട്
4 ഓഫീസ് പകർപ്പ്.

ആർവികെ

നമ്പർ.കെ.എസ്.എ.എം.എൽ.പി4-462/2026 തീയതി: 03-07-2026

പാലക്കാട് ജില്ല, ചിറ്റൂർ താലൂക്ക്, കൊടുവായൂർ വില്ലേജിലെ കൊടുവായൂർ ശ്രീ വിശ്വനാഥസ്വാമി ദേവസ്വത്തിന്റെ 2023 മുതൽ 2025 വരെയുള്ള വർഷങ്ങളിലെ വാർഷിക കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിനു ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും	ശ്രീ.വി.ജി.തുളസീദാസ്, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റ് ചെയ്ത ഉദ്യോഗസ്ഥർ	ശ്രീ. സുമേഷ്.എൻ. ഓഡിറ്റ്ഓഫീസർ(ഹയർ ഗ്രേഡ്) ശ്രീ. ജിജീഷ്.എ.കെ. സീനിയർ ഗ്രേഡ് ഓഡിറ്റർ
ഓഡിറ്റ് നടത്തിയ വർഷം	2023 മുതൽ 2025 വരെ
ഓഡിറ്റിന് വിനിയോഗിച്ച ദിവസങ്ങൾ	16.03.2026 മുതൽ 31.03.2026 വരെ
ഓഡിറ്റ് കാലയളവിലെ ക്ഷേത്രഭരണാധികാരിയുടെ പേരും തസ്തിക പേരും	ശ്രീ ഈശ്വരൻ നമ്പൂതിരി, എക്സിക്യൂട്ടീവ് ഓഫീസർ 01-01-2023 മുതൽ 31-12-2025 വരെ

ഭാഗം-1

1 -1 ബജറ്റ്

1951 ലെ ഹിന്ദുമത ധർമ്മസ്ഥാപന നിയമം വകുപ്പ് 70(1) മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 29-12-2010 ലെ ജെ5/9364/09 എംഡിബി (1) നമ്പർ സർക്കുലർ എന്നിവ പ്രകാരം കലണ്ടർ വർഷാരംഭത്തിന് 2 മാസം മുൻപ് അതായത് ഒക്ടോബർ 31 നകം അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കേണ്ടതും അംഗീകാരത്തിന് വിധേയമായി മാത്രമേ ചെലവുകൾ ചെയ്യാവൂ എന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ സർക്കുലർ പ്രകാരം യഥാസമയം ബജറ്റ് സമർപ്പിച്ച് അംഗീകാരം വാങ്ങാത്ത ക്ഷേത്രങ്ങളുടെ ചെലവ് നിയമാനുസൃത മായിരിക്കില്ലെന്നും ആയതിന് ബന്ധപ്പെട്ടവർ വ്യക്തിപരമായി ഉത്തരവാദികളായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. ദേവസ്വത്തിന്റെ 2023 മുതൽ 2025 വരെയുള്ള ബജറ്റുകൾക്ക് പാലക്കാട് അസിസ്റ്റന്റ് കമ്മീഷണറുടെ താഴെപ്പറയുന്ന ഉത്തരവുകൾ പ്രകാരം മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്.

വർഷം	ബജറ്റ് അംഗീകാരത്തിന് അപേക്ഷിച്ച തീയതി	അംഗീകാര വിവരം
2023	13.12.2022	എ 1/4889/2022/എംഡിബി (കെ.ഡിസ്), 28.2.23
2024	11.10.2023	എ 1/4375/2023/എംഡിബി (കെ.ഡിസ്), 18.11.23
2025	11.10.2024	എ 1/4320/2024/എംഡിബി (ഡി.ഡിസ്), 27.11.2024

ഓഡിറ്റ് കാലയളവിൽ താഴെ പറയും വിധം അംഗീകരിച്ച ബജറ്റിൽ നിന്നും അധികമായി ചെലവുണ്ടായിട്ടുണ്ട്.

വർഷം	ശീർഷകം	ബജറ്റ് പ്രകാരം തുക (₹)	വരവ് ചെലവ് പത്രിക പ്രകാരം(₹)	അധിക തുക (₹)
2023	ശമ്പളം	8,80,680	9,03,180	22500
	വഴിപാട് ചെലവ്	2,00,000	3,44,857	144857
	പ്രിന്റിങ് & സ്റ്റേഷണറി	4,200	16,701	12501
	മരാമത്ത്	9,000	79,340	70340
	മാസ വിശേഷം	35,000	73,985	38985
2024	വഴിപാട് ചെലവ്	3,00,000	3,90,038	90038
	മാസ വിശേഷം	35,000	74,550	39550
	പലവക	5,000	1,05,475	100475
2025	വഴിപാട് ചെലവ്	3,00,000	4,83,119	183119
	പ്രിന്റിങ് & സ്റ്റേഷണറി	12,000	17,653	5653
	മരാമത്ത്	14,000	27,300	13300
	മാസ വിശേഷം	35,000	86,920	51920
	പലവക	5,000	57,395	52395

ബജറ്റിൽ വ്യതിചലിച്ചുണ്ടായ അധിക ചെലവുകൾക്ക് മലബാർ ദേവസ്വം ബോർഡിൽ നിന്നും സാധൂകരണം ലഭ്യമാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1 –2 വാർഷിക കണക്കുകൾ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9, ഉപവകുപ്പ് (1), 1995 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 15(3) എന്നിവ പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകവും സാമ്പത്തിക വർഷം ബാധകമല്ലാത്ത സ്ഥാപനത്തിന് അക്കൗണ്ടിംഗ് വർഷം അവസാനിച്ച് 4 മാസത്തിനകവും വാർഷിക കണക്കുകൾ ഓഡിറ്റിനായി അയച്ചുതരേണ്ടതാണ്. ദേവസ്വത്തിന്റെ വരവുചെലവ് പത്രികകൾ ഓഡിറ്റിന് പരിശോധനയ്ക്കായി ലഭ്യമാക്കിയ തീയതികൾ താഴെ കൊടുക്കുന്നു.

വർഷം	ലഭ്യമാക്കിയ തീയതി
2023	06-01-2024
2024	06-02-2025
2025	07-01-2026

വരവുചെലവ് പത്രികകൾ യഥാസമയം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

1 –3 ക്ഷേത്രഭരണം

അസ്തമയസൂര്യന് അഭിമുഖമായി മഹാദേവൻ ദർശനമരുളുന്ന അപൂർവ്വം ക്ഷേത്രങ്ങളിലൊന്നാണ് കൊടുവായൂർ ശ്രീവിശ്വനാഥ ക്ഷേത്രം. തമിഴ്നാട് ചിദംബരം ക്ഷേത്രത്തിന്റെ വാസ്തുമാതൃകയിലാണ് ഈ ക്ഷേത്രത്തിന്റേയും നിർമ്മാണം. ഏകദേശം ആയിരത്തോളം വർഷം പഴക്കമുള്ള കൊടുവായൂർ ശ്രീവിശ്വനാഥ ക്ഷേത്രത്തിന് ശ്രീകൃഷ്ണക്ഷേത്രം, കൊരങ്ങാട് ഗണപതിക്ഷേത്രം എന്നിങ്ങനെ രണ്ട് കീഴ്ടേടങ്ങളുണ്ട്. പ്രശസ്തമായ കൊടുവായൂർ രഥോൽസവം നടക്കുന്ന ശ്രീവിശ്വനാഥസ്വാമി ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ ശിവനാണ്. ക്ഷേത്രത്തിലെ പ്രധാന ഉൽവങ്ങളായ കൊടുവായൂർ രഥോൽസവം, അന്നാഭിഷേകം, നവരാത്രിപൂജ എന്നിവ വർഷം തോറും കമ്മിറ്റികളുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ക്ഷേത്രത്തിന് തനതായ മൂന്ന് രഥങ്ങൾ തേർപ്പുരയിൽ പ്രത്യേകമായി സൂക്ഷിച്ചിട്ടുണ്ട്.

ക്ഷേത്രത്തിന്റെ ദൈനംദിന ഭരണം നിർവ്വഹിക്കുന്നത് ഭരണവകുപ്പ് നിയമിക്കുന്ന എക്സിക്യൂട്ടീവ് ഓഫീസറാണ്. ഓഡിറ്റ് കാലയളവിലെ എക്സിക്യൂട്ടീവ് ഓഫീസറുടെ പേരുവിവരം ചുവടെ കൊടുക്കുന്നു.

എക്സിക്യൂട്ടീവ് ഓഫീസറുടെ പേരും മേൽവിലാസവും	കാലയളവ്
ശ്രീ. ഈശ്വരൻ നമ്പൂതിരി എക്സിക്യൂട്ടീവ് ഓഫീസർ ഏറ്റിക്കട ഇല്ലം, കാരന്താട്(പിഒ), രാമന്തളി വഴി, പയ്യന്നൂർ	01-01-2023 മുതൽ 31-12-2025 വരെ

1-4 ക്ഷേത്രവുമായി ബന്ധപ്പെട്ട ഭൂമിയുടേയും വസ്തുവകകളുടേയും പണ്ടം, പാത്രം തുടങ്ങിയവയെക്കുറിച്ചുമുള്ള നിരീക്ഷണങ്ങൾ

(എ) ഇൻവെന്ററി

ക്ഷേത്രത്തിലെ സ്വർണ്ണം, വെള്ളി മുതലായ വിലപിടിപ്പുള്ള വസ്തുക്കളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ 7.3.23, 23.9.25 എന്നീ തീയതികളിൽ ഭരണ വകുപ്പ് ഉദ്യോഗസ്ഥൻ സ്വർണ്ണം, വെള്ളി എന്നിവയുടെ പരിശോധന നടത്തിയിട്ടുണ്ട്. കമ്മീഷണറുടെ 21.10.25 ലെ എച്ച്5-6165/2025/എം.ഡി.ബി നം റിപ്പോർട്ട്(വെരിഫിക്കേഷൻ ഓഫീസറുടെ 24.9.25 തീയതിയിലെ വി.ആർ.നം 83/2025/പി.കെ.ഡി/എം.ഡി.ബി വെരിഫിക്കേഷൻ റിപ്പോർട്ട്) പ്രകാരം **306 ഗ്രാം 300 മി.ഗ്രാം സ്വർണ്ണവും 11916 ഗ്രാം വെള്ളിയും** ദേവസ്വത്തിലുണ്ട്.

(ബി) ഭൂമി സംബന്ധിച്ച വിശദാംശങ്ങൾ

25A രജിസ്റ്റർ പ്രകാരമുള്ള ക്ഷേത്രത്തിന്റെ ഭൂമിയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	ഭൂമി സംബന്ധിച്ച വിവരം	വിസ്തീർണ്ണം	സർവ്വേ നമ്പർ
1	വിശ്വനാഥ സ്വാമി ക്ഷേത്രം	30 സെന്റ്	395/E-3
2	ക്ഷേത്രപറമ്പ്	26.14 സെന്റ്	393/D-26
3	കുരുക്കളുടെ മഠം, പത്തായപ്പുര	11.06 സെന്റ്	395/C-2
4	ഗ്രഹ പറമ്പ്	9.07 സെന്റ്	395/C-7
5	തേർപുരക്ക് പടിഞ്ഞാറെപറമ്പ്	67 സെന്റ്	395/F-1
6	മല്ലടി പറമ്പ്	68.12 സെന്റ്	314/2
7	പല്ലിക്കാട് പറമ്പ്	23 സെന്റ്	309/13-2
8	ഗ്രാമവീഥി	84.17 സെന്റ്	393C-48

9	പത്തായപുരതൊടി	7.02 സെന്റ്	395/E-1
10	പൂന്തോട്ടം പറമ്പ്	40.11 സെന്റ്	395/F-7
11	പല്ലിക്കാട് കൊളുത്ത് പറമ്പ്	53 സെന്റ്	309/C-1
12	ഗണപതി ക്ഷേത്രം പറമ്പ്	3 സെന്റ്	393/D-25
13	ഗ്രാമ വീഥി	55 സെന്റ്	394/A-1
14	തേർവീഥി	59 സെന്റ്	393/C-1
15	വിഷ്ണുക്ഷേത്രം	13 സെന്റ്	394/13-5
16	തേർവീഥി	1 ഏക്കർ 30 സെന്റ്	394/D-1
17	തേർവീഥി	12 സെന്റ്	395/13-17
18	തേർവീഥി	18 സെന്റ്	395/C-22
19	തേർവീഥി	15 സെന്റ്	395/C-23
20	തേർവീഥി, പുതുക്കുളം	1 ഏക്കർ 88 സെന്റ്	395/E-2
21	പുതുക്കുളം	1 ഏക്കർ 12 സെന്റ്	395/E-4
22	പല്ലിക്കാട് കുളമ്പ്പറമ്പ്	80 സെന്റ്	309/C-9
23	കിഴക്കേതൊടി പറമ്പ്	6 സെന്റ്	393/B-1
24	തോട്കുഴി കുളം	13 സെന്റ്	395/F-8
25	കുളം	7 സെന്റ്	393/E-1
26	വലിയ കുളം	2 ഏക്കർ16 സെന്റ്	393/D-1
27	ഗണപതി ക്ഷേത്രം	4 സെന്റ്	393/D-78
28	ഗ്രാമവീഥി	16 സെന്റ്	393/D-4

മേൽപറഞ്ഞ ക്ഷേത്രഭൂമികളുടെ അതിർത്തി സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ക്ഷേത്രത്തിന്റേതായ ഭൂമി അന്യാധീനപ്പെട്ടുപോകാതിരിക്കാൻ റീ-സർവ്വേ നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

1 -5 പൊതു അവലോകനം

1. വരവ് സമാഹരണത്തിന്റെയും വിലപിടിപ്പുള്ള വസ്തുവകകളുടേയും ചുമതലയുള്ള ജീവനക്കാരിൽ നിന്നും ജാമ്യസംഖ്യ/കരുതൽധാരണാപത്രം ഈടാക്കേണ്ടതാണ്.
2. കമ്പ്യൂട്ടർ രശീതികൾക്ക് സ്റ്റേഷണറി നമ്പർ ഇടേണ്ടതും സ്റ്റോക്കിൽ എടുക്കുന്നതും വിതരണം ചെയ്യുന്നതും കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.
3. കീഴേടങ്ങളിൽ രശീതി സമ്പ്രദായം നടപ്പിൽ വരുത്തേണ്ടതാണ്.
4. വഴിപാട് പട്ടിക കാലാനുസൃതമായി പുതുക്കേണ്ടതാണ്.
5. താൽക്കാലിക നിയമനങ്ങൾക്ക് മലബാർ ദേവസ്വം ബോർഡിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതാണ്.

1-6 രജിസ്റ്ററുകൾ, റെക്കോഡുകൾ തുടങ്ങിയവ സൂക്ഷിക്കുന്നതിലെ അപാകതകൾ

1) ക്ഷേത്രത്തിൽ 'ഡിറ്റം' പരിപാലിച്ചതായി കാണുന്നില്ല.

2) ക്ഷേത്രത്തിൽ പഞ്ചലോഹ വിഗ്രഹങ്ങൾ ഉള്ളതിനാൽ കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിഗ്രഹ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

3) വാടക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഭാഗം-2
വരവിനങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ക്യാഷ് വെരിഫിക്കേഷൻ

കൊടുവായൂർ വിശ്വനാഥക്ഷേത്രം ദേവസ്വത്തിന്റെ 2023 മുതൽ 2025 വരെയുള്ള വർഷങ്ങളിലെ വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.3.26 ന് രാവിലെ 11.30 ന് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. **4985/- രൂപ** ക്യാഷ് ദേവസ്വം രേഖകളിലെ വരവുമായി പൊരുത്തപ്പെടുന്നുണ്ട്.

2-2 കമ്പ്യൂട്ടർ രശീതികളുടെ ഉപയോഗങ്ങളിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

ദേവസ്വത്തിൽ വഴിപാട് വരവുകൾക്ക് കമ്പ്യൂട്ടർ രശീതികളാണ് ഉപയോഗിക്കുന്നത്. ഓഡിറ്റ് കാലയളവിൽ താഴെ പറയും പ്രകാരം കമ്പ്യൂട്ടർ രശീതികൾ പ്രിന്റ് ചെയ്തിട്ടുണ്ട്.

വൗച്ചർ നം, തീയതി	എണ്ണം	പ്രിന്റ് ചെയ്ത സ്ഥാപനം	തുക (₹)
211/21.8.24	30000	പ്രോടെക്, മേട്ടുപ്പാളയം സ്ട്രീറ്റ്, പാലക്കാട്	8,550
193/15.7.25	30000	പ്രോടെക്, മേട്ടുപ്പാളയം സ്ട്രീറ്റ്, പാലക്കാട്	8,550

എന്നാൽ സ്റ്റേഷനറി നമ്പർ ഇല്ലാതെയാണ് രശീതുകൾ പ്രിന്റ് ചെയ്ത് ഉപയോഗിക്കുന്നത്. കംപ്യൂട്ടർ രശീതികൾ പ്രിന്റ് ചെയ്ത് വരുന്ന മുറക്ക് ക്രമനമ്പർ പ്രകാരം രശീതികളുടെ വിവരം, കൗണ്ടറിലേക്ക് ഇഷ്യൂ ചെയ്തത്, നീക്കിയിരിപ്പ് എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തു കാണുന്നില്ല. Cancelled/interrupted receipts എന്നിവയുടെ വിശദാംശങ്ങളും ലഭ്യമല്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/24.3.26) മറുപടിയായി സ്റ്റേഷണറി നമ്പർ ഇടുമ്പോൾ രശീത് പ്രിന്റ് ചെയ്യുമ്പോൾ ബ്ലോക്ക് ആകുകയാണെങ്കിൽ ഭക്തജനങ്ങൾക്ക് രശീതികൾ നൽകുവാൻ പ്രയാസം ഉണ്ടാകുമെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഈ പ്രശ്നം പരിഹരിച്ച് സ്റ്റേഷനറി നമ്പറോടു കൂടിയ കമ്പ്യൂട്ടറൈസ്ഡ് രശീതികൾ ഉപയോഗിക്കേണ്ടതും സ്റ്റോക്കിലെടുക്കുന്നതും വിതരണം ചെയ്യുന്നതും കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ് .

2-3 കീഴേടങ്ങളിൽ വഴിപാടുകൾക്ക് രശീതികൾ ഉപയോഗിക്കുന്നില്ല

ദേവസ്വത്തിന് ശ്രീകൃഷ്ണ ക്ഷേത്രം, കൊരങ്ങാട് ഗണപതി ക്ഷേത്രം എന്നിങ്ങനെ രണ്ട് കീഴേടങ്ങളുണ്ട്. ഇവിടെ വഴിപാട് വരവുകൾക്കായി രശീതികൾ ഉപയോഗിക്കുന്നില്ല. ഭക്തരിൽ നിന്നും ശാന്തി തുക നേരിട്ട് കൈപ്പറ്റി വഴിപാടുകൾ നിർവ്വഹിച്ച് ബാക്കി തുക മാസത്തിലൊരിക്കൽ ദേവസ്വത്തിൽ നൽകുന്ന പതിവാണുള്ളത്. ഗണപതി ക്ഷേത്രത്തിൽ നിന്നും നാമമാത്രമായ തുക മാത്രമാണ് ദേവസ്വത്തിന് ലഭ്യമാകുന്നത്. ശ്രീകൃഷ്ണക്ഷേത്രത്തിലെ ശാന്തിയുടെ ശമ്പളവും അടിച്ചുതളിയുടെ വേതനവും വഴിപാട് സാധനങ്ങളും ദേവസ്വത്തിൽ നിന്നാണ് നൽകുന്നത്. ഓഡിറ്റ് കാലയളവിൽ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ നിന്നും ലഭ്യമായ വഴിപാട് വരവിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

മാസം	2023 (₹)	2024 (₹)	2025 (₹)
ജനുവരി	8220	8080	7800
ഫെബ്രുവരി	9450	8660	7570
മാർച്ച്	9055	7635	7760
ഏപ്രിൽ	9180	8800	9230
മെയ്	8410	9365	10125
ജൂൺ	7620	8480	8405
ജൂലായ്	7320	2010	6970
ആഗസ്റ്റ്	7775	2800	5480
സെപ്തംബർ	14050	10720	7445
ഒക്ടോബർ	3540	17750	17530
നവംബർ	0	9340	7050
ഡിസംബർ	0	8480	8350
	84620	**102120**	**103715**

മലബാർദേവസ്വം ബോർഡ് കമ്മീഷണറുടെ ക്ഷേത്രങ്ങളിലെ പണമിടപാടുകളും മറ്റ് ദൈനംദിന കാര്യങ്ങളെയും കുറിച്ചുള്ള 02.03.2010 ലെ എച്ച്9/1637/10 നമ്പർ സർക്കുലറിലെ ക്രമ നമ്പർ 7 ൽ ക്ഷേത്രത്തിലെ എല്ലാ വരവുകളും അതത് ദിവസമോ അല്ലെങ്കിൽ അതിനടുത്ത ദിവസമോ ബാങ്കിൽ അടവാക്കുവാനും ആയിരം രൂപയ്ക്ക് മുകളിലുള്ള എല്ലാ പണം കൊടുക്കലും അക്കൗണ്ട് പേയീ ചെക്ക് മുഖാന്തരമായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ദേവസ്വത്തിന്റെ കീഴേടങ്ങളിൽ വഴിപാട് വരവുകൾക്ക് രശീതികളും മറ്റ് അനുബന്ധ രേഖകളും ഉപയോഗിക്കുന്നില്ല. അതുപോലെ ദിവസേനയുള്ള വരവ് തുകകൾ ബാങ്കിൽ അടവാക്കാതെ വരവിൽ നിന്നും ചെലവ് ചെയ്ത് ബാക്കി തുക മാസത്തിലൊരിക്കൽ ദേവസ്വത്തിൽ അടവാക്കുകയാണ് ചെയ്യുന്നത്. കീഴേടങ്ങളിൽ രശീതി സമ്പ്രദായം നടപ്പിൽ വരുത്താത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(8/25.3.2026) മറുപടിയായി വഴിപാടുകൾക്ക് രശീതികൾ ഉപയോഗിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

2-4 <u>വാടക രജിസ്റ്റർ സൂക്ഷിക്കേണ്ടതും കുടിശ്ശിക ഈടാക്കേണ്ടതുമാണ്</u>

ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള 4 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വാടകരജിസ്റ്ററോ, ഡിമാന്റ്-കളക്ഷൻ-ബാലൻസ് സ്റ്റേറ്റ്മെന്റോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വാടകക്കാരായ ശ്രീ. രാധാകൃഷ്ണൻ, ശ്രീമതി. ഷിത, ശ്രീ. അയ്യപ്പൻ എന്നിവർ കൃത്യമായി വാടക തൊട്ടടുത്ത മാസം അടച്ചു കാണുന്നില്ല. രശീതികൾ പരിശോധിച്ചതിൻ പ്രകാരം 2025 വർഷത്തെ

വാടക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാടകക്കാരന്റെ പേര്	വാടകനിരക്ക് (2025 ഒക്ടോബർ മുതൽ വർദ്ധിപ്പിച്ച നിരക്ക് ബ്രാക്കറ്റിൽ)	2025 വർഷത്തെ ഡിമാന്റ് (₹)	കളക്ഷൻ (₹)	ബാലൻസ് (₹)
1.	ശ്രീ. രാജൻ	1500(1750)	18750	18750	0
2.	ശ്രീ. രാധാകൃഷ്ണൻ	2000(2500)	25500	18000*	7500
3.	ശ്രീമതി.ഷിത	2500(3000)	31500	20000**	11500
4	ശ്രീ. അയ്യപ്പൻ	700(900)	9000	2800***	6200

* 28,000/- രൂപ കളക്ഷൻ ഉണ്ടെങ്കിലും 10,000/- രൂപ മുൻവർഷത്തെ വാടക ആണ്.

** 35,000/- രൂപ കളക്ഷൻ ഉണ്ടെങ്കിലും 15,000/- രൂപ മുൻ വർഷത്തെ വാടക ആണ്.

*** മുൻവർഷത്തെ ഉൾപ്പെടെ 4,900/- രൂപ ലഭിച്ചിട്ടുണ്ട്.

വാടക രജിസ്റ്റർ കൃടിശ്ശിക സഹിതം എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതും ലഭ്യമാകാനുള്ള കൃടിശ്ശിക തുക ലഭ്യമാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2-5 വഴിപാടു നിരക്കുകൾ കാലാനുസൃതമായി പരിഷ്കരിക്കേണ്ടതാണ്

ക്ഷേത്രത്തിൽ നിലവിലുള്ള വഴിപാടു പട്ടിക കാലാനുസൃതമായി പുതുക്കിയിട്ടില്ല വഴിപാടു നിരക്കുകൾ അവസാനമായി പുതുക്കി നിർണ്ണയിച്ചിട്ടുള്ളത് 2019 ലാണ് എന്നു കാണുന്നു. വഴിപാടു വരവും ആയതിന്റെ ചെലവും തമ്മിൽ താരതമ്യം ചെയ്ത് പരിശോധിച്ചതിൽ പ്രദോഷപൂജപോലുള്ള ചില ഇനം വഴിപാടുകളിൽ വരവിനെക്കാൾ ചെലവ് അധികമായി വരുന്നതിനാൽ ദേവസ്വം ഫണ്ടിന് നഷ്ടം ഉണ്ടാവാനുള്ള സാധ്യത നിലനില്ക്കുന്നു. അതുപോലെ ക്ഷേത്രത്തിൽ നവഗ്രഹ പ്രതിഷ്ഠ നിലവിലുള്ള സാഹചര്യത്തിൽ ക്ഷേത്രം തന്ത്രിയുമായി കൂടിയാലോചിച്ച് എള്ളുകിഴി പോലുള്ള പുതിയ വഴിപാടുകൾ ഉൾപ്പെടുത്താനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്. ഭക്തരുടെ ആവശ്യകതയും ആചാരപരമായ പ്രസക്തിയും പരിഗണിച്ച് വഴിപാടുകളുടെ പട്ടികയും നിരക്കുകളും പുനഃപരിശോധിച്ച് പുതുക്കുന്നത് ക്ഷേത്രത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിനും സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായകകരമായിരിക്കും. പ്രദോഷപൂജയുടെ നിരക്കും ചെലവുകളും പുനഃപരിശോധിച്ച് ആവശ്യമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽ

കിയ ഓഡിറ്റ് അന്വേഷണത്തിന്(10/25.3.26) മറുപടി ലഭ്യമാക്കിയിട്ടില്ല

2-6 ഓൺലൈൻ വഴിപാട് സമ്പ്രദായം നടപ്പാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്

ക്ഷേത്രത്തിൽ നിലവിൽ ഓൺലൈൻ വഴിപാട് പ്രാവർത്തികമാക്കിയിട്ടില്ല. ദേവസ്വത്തിൽ നേരിട്ട് വന്ന് പൂജകൾ ചെയ്യുവാൻ സാധിക്കാത്ത ഭക്തരും, പൂജകൾ മുൻകൂട്ടി ബുക്ക് ചെയ്യുന്നവരും പൂജയ്ക്കും/ വഴിപാടിനുമുള്ള തുക ദേവസ്വം അക്കൗണ്ടിലേക്ക് NEFT മുഖേന ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്യുന്നത്. ദേവസ്വത്തിൽ മണിയോർഡർ മുഖേന വരവ് കുറവായതിനാലും, ഭക്തരിൽ അന്യ സംസ്ഥാനങ്ങളിലുള്ളവരും ഉൾപ്പെടുന്നതിനാൽ ഭക്തർക്ക് സൗകര്യമാകും വിധം, സാങ്കേതികമായ ദുർവിനിയോഗത്തിന് ഇടനൽകാത്തവിധം ഓൺലൈൻ വഴിപാട് ആരംഭിക്കാവുന്നതാണ്.

2-7 ജാമ്യ സംഖ്യ

വരവ് സമാഹരണത്തിന്റെയും വിലപിടിപ്പുള്ള വസ്തുവകകളുടേയും ചുമതലയുള്ള ജീവനക്കാരിൽ നിന്നും 1951 ലെ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് നിയമം സെക്ഷൻ 100(2)(വൈ) പാർട്ട്-II(3) അനുശാസിക്കുന്ന വിധത്തിൽ ജാമ്യസംഖ്യ/കുറുതൽധാരണാപത്രം ഈടാക്കിയിട്ടില്ല. ആയത് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-8 സർക്കാർ ധനസഹായം

ഇല്ല

2-9 വർഷാശനം

കൊടുവായൂർ ശ്രീ വിശ്വനാഥ സ്വാമി ദേവസ്വത്തിന്റെ വർഷാശനം സംബന്ധിച്ച് രേഖകൾ പരിശോധിച്ചതിൽ ആന്വിറ്റി പേമെൻറ് ഓർഡർ നമ്പർ 1167/70/റവന്യൂ(ആർ), സർക്കാർ ഉത്തരവ് എം.എസ് 8/85/RD 04.01.85 എന്നിവ പ്രകാരം ക്ഷേത്രത്തിന്റെ വർഷാശനം 8,071/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ദേവസ്വത്തിൽ അവസാനമായി വർഷാശനം ക്ഷേത്രത്തിന് ലഭ്യമായിരിക്കുന്നത് 21.03.2012 നാണ് (2011 ലെ വർഷാശനം) 06.01.2019 ലെ സ.ഉ.(പി) നം.12/2009/റവന്യൂ പ്രകാരം 2006 മുതൽ അഞ്ച് വർഷത്തേക്ക് മൂന്ന് മടങ്ങ് വർദ്ധിപ്പിച്ച വർഷാശനത്തിനും

അതിനുശേഷം ഓരോ അഞ്ചു വർഷം പൂർത്തിയാകുന്ന മുറക്ക് 25% വർദ്ധിപ്പിച്ച വർഷാശനത്തിനും ദേവസ്വത്തിന് അർഹതയുണ്ട്. 2012 ന് ശേഷമുള്ള വർഷാശനം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2-10 മാനേജ്മെന്റ് ഫണ്ട്

ഓഡിറ്റ് കാലയളവിൽ കേരളപുരം ശ്രീ വിശ്വനാഥസ്വാമി ക്ഷേത്രത്തിന് ലഭിച്ച മാനേജ്മെന്റ് ഫണ്ടിന്റെ വിവരം താഴെ കൊടുക്കുന്നു.

വർഷം	ധനസഹായ വിവരം (കാലയളവ്)	തുക (₹)	വരവു പിടിച്ച വിവരം(0261-കേരള ബാങ്ക്)	വിതരണം ചെയ്ത തീയതി
2023	ശമ്പള കുടിശ്ശിക 2022	7,88,758	10.2.2023	13.2.2023
	ശമ്പള കുടിശ്ശിക 2023 മുൻകൂർ	2,36,627	24.3.2023	2.4.2023
	ഓണം ഉത്സവബത്ത	59,500	23.8.2023	23.8.2023
		1084885		
2024	ശമ്പള കുടിശ്ശിക 2023 ബാക്കി	392762	29.1.2024	29.1.2024
	ഓണം ഉത്സവബത്ത 2024	59500	13.9.2024	13.9.2024
		452262		
2025	ശമ്പള കുടിശ്ശിക 2024	1641611	27.3.2025	4.4.2025
	ഓണം ഉത്സവബത്ത 2025	52500	1.9.2025	2.9.2025
		1694111		

2-11 വായ്പ

ഇല്ല

2-12 ഓഡിറ്റ് റിക്കവറി

ഇല്ല

ഭാഗം-3

ചെലവിനങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ഗ്യാസ് സിലിണ്ടറിന് ഓട്ടോ ചാർജ് : ചെലവെഴുന്നതിന് ബോർഡിൽ നിന്നും അംഗീകാരം ലഭ്യമാക്കേണ്ടതാണ്

ക്ഷേത്രത്തിൽ ഗ്യാസ് സിലിണ്ടർ വാങ്ങുന്ന വേളകളിലെല്ലാം ഓട്ടോ ചാർജിനത്തിൽ തുക നൽകിയതായി കാണുന്നു. ഗ്യാസ് വിതരണം ഏജൻസിയുടെ സേവനത്തിന്റെ ഭാഗമായിരിക്കെ, അതുമായി ബന്ധപ്പെട്ട് ഓരോ തവണ ഗ്യാസ് കൊണ്ടുവരുമ്പോഴും ഓട്ടോ ചാർജിനത്തിൽ ക്ഷേത്രത്തിന്റെ അക്കൗണ്ടിൽ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത് അനാവശ്യവും ഒഴിവാക്കാവുന്നതുമായ ചെലവായി കണക്കാക്കുന്നു. ക്ഷേത്രനിധിയിൽ നിന്ന് ഇത്തരം തുക ചെലവഴിക്കുന്നത് സാമ്പത്തികനിയന്ത്രണമില്ലായ്മയിലേക്ക് വഴിവയ്ക്കുമെന്നതിനാൽ ഇത്തരം ചെലവുകൾ ഒഴിവാക്കുകയും ഇതിനകം രേഖപ്പെടുത്തിയ തുകയുടെ സാധുത ദേവസ്വം ബോർഡിൽ നിന്നും അംഗീകരിച്ച് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

2023				2024		
ക്രമ നം	വൌച്ചർ നം,തിയ്യതി	തുക (₹)		ക്രമ നം	വൌച്ചർ നം,തിയ്യതി	തുക (₹)
1	9/07.01.2023	100		1	10/02.01.2024	100
2	11/07.01.2023	100		2	15/11.01.2024	100
3	16/07.01.2023	115		3	21/29.01.2024	120
4	41/03.02.2023	100		4	41/07.02.2024	100
5	41/03.02.2023	100		5	49/26.02.2024	100
6	81/16.03.2023	100		6	62/05.03.2024	110
7	98/03.04.2023	100		7	86/31.03.2024	100
8	103/03.04.2023	120		8	101/08.04.2024	120
9	119/02.05.2023	100		9	118/08.05.2024	120
10	122/02.05.2023	80		10	122/08.05.2024	120
11	140/31.05.2023	100		11	138/04.06.2024	100
12	157/14.06.2023	100		12	143/04.06.2024	100
13	159/14.06.2023	100		13	146/04.06.2024	100
14	166/03.07.2023	100		14	150/10.06.2024	100
15	184/21.07.2023	100		15	158/24.06.2024	100
16	196/07.08.2023	100		16	176/08.07.2024	100

17	200/07.08.2023	100		17	185/22.07.2024	100
18	214/25.08.2023	100		18	195/05.08.2024	100
19	221/01.09.2023	100		19	199/05.08.2024	100
20	226/01.09.2023	100		20	210/19.08.2024	100
21	239/15.09.2023	100		21	222/02.09.2024	100
22	241/15.09.2023	100		22	332/13.09.2024	100
23	247/30.09.2023	100		23	343/27.09.2024	100
24	258/06.10.2023	100		24	345/27.09.2024	100
25	277/30.10.2023	100		25	375/22.10.2024	100
26	309/27.11.2023	100		26	377/22.10.2024	100
27	311/27.11.2023	100		27	392/08.11.2024	100
28	332/13.12.2023	100		28	396/11.11.2024	100
29	334/15.12.2023	100		29	398/11.11.2024	100
30	340/19.12.2023	100		30	423/27.11.2024	100
				31	450/26.12.2024	100
	ആകെ	**3,015**			**ആകെ**	**3,190**

2025						
ക്രമ നം	വൌച്ചർ നം,തിയ്യതി	തുക (₹)		ക്രമ നം	വൌച്ചർ നം,തിയ്യതി	തുക (₹)
1	7/04.01.2025	100		17	186/03.07.2025	100
2	24/11.01.2025	100		18	188/07.07.2025	100
3	32/30.01.2025	100		19	209/08.08.2025	100
4	43/03.02.2025	110		20	224/02.09.2025	100
5	53/24.02.2025	100		21	226/02.09.2025	100
6	56/24.02.2025	100		22	243/15.09.2025	100
7	96/04.04.2025	100		23	251/19.09.2025	100
8	98/04.04.2025	100		24	278/07.10.2025	100
9	115/25.04.2025	100		25	280/07.10.2025	100
10	117/25.04.2025	100		26	285/18.10.2025	100
11	130/07.05.2025	100		27	287/18.10.2025	100

12	137/13.05.2025	100		28	316/20.11.2025	100
13	148/26.05.2025	100		29	318/20.11.2025	50
14	160/06.06.2025	100		30	334/02.12.2025	100
15	167/06.06.2025	100		31	340/04.12.2025	100
16	181/02.07.2025	100		32	348/19.12.2025	100
	ആകെ					**3,160**

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(2/23.3.26) ലഭ്യമാക്കിയ മറുപടിയിൽ ക്ഷേത്രം നിൽക്കുന്ന സ്ഥലത്തേക്ക് ശനിയാഴ്ച മാത്രമാണ് ഡെലിവറി ഉള്ളതെന്നും അടിയന്തിര ആവശ്യം കണക്കിലെടുത്താണ് നേരിട്ട പോയി ഗ്യാസ് എടുക്കുന്നത് എന്നുമുള്ള വിശദീകരണം അംഗീകാരിക്കാവുന്നതല്ല. ആയതിനാൽ ഓഡിറ്റ് കാലയളവിൽ ഈ ഇനത്തിൽ ചെലവായ തുകക്ക് മലബാർ ദേവസ്വം ബോർഡിൽ നിന്നും അംഗീകാരം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം ചെലവുകൾ ഒഴിവാക്കേണ്ടതുമാണ്.

3-2 <u>വിഷുവിശേഷം: ഭക്തജനങ്ങൾക്കും ജീവനക്കാർക്കും വിഷുകൈനീട്ടം നൽകൽ-ദേവസ്വം ബോാർഡിന്റെ അനുമതി ഇല്ല</u>

ഓഡിറ്റ് കാലയളവിൽ ദേവസ്വത്തിൽ നിന്നും ക്ഷേത്ര ജീവനക്കാർക്ക് വിഷുകൈനീട്ടമായി താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

വർഷം	വൌച്ചർ നം,തിയതി	തുക (₹)
2023	109/15.04.2023	1,000
2024	104/15.04.2024	1,000
2025	109/09.04.2025	1,000
ആകെ		3,000

പ്രസ്തുത ചെലവിന് ദേവസ്വം ബോർഡിന്റെ അനുമതി ലഭിച്ചതായി കാണുന്നില്ല. ഓഡിറ്റ് അന്വേഷണത്തിന് (3/23-3-2026) മറുപടിയായി ഭാവിയിൽ ഇത്തരത്തിലുള്ള ചെലവുകൾ ഒഴിവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3-3 <u>താൽക്കാലിക ജീവനക്കാരന്റെ ചികിത്സാ ധനസഹായം- ദേവസ്വം ബോർഡിന്റെ അനുമതിയില്ല</u>

ക്ഷേത്രത്തിലെ താൽക്കാലിക ജീവനക്കാരന്റെ ഹൃദയസംബന്ധമായ അസുഖവുമായി ബന്ധപ്പെട്ട ആശുപത്രി ചെലവുകൾ വഹിക്കുന്നതിനായി വൌച്ചർ നമ്പർ 109/29.04.2024 പ്രകാരം

ആകെ ₹10,000 ക്ഷേത്ര ഫണ്ടിൽ നിന്ന് ചെലവഴിച്ചിരിക്കുന്നതായി രേഖകളിൽ നിന്ന് കാണുന്നു. ക്ഷേത്ര ഫണ്ടുകൾ വിശ്വാസനിധിയായതിനാൽ അവ ക്ഷേത്രത്തിന്റെ നിത്യനടത്തിപ്പ്, പൂജാചെലവുകൾ, പരിപാലനം, സ്ഥിരം ജീവനക്കാരുടെ ശമ്പളവും അംഗീകൃത അലവൻസുകളും എന്നിവയ്ക്കായി മാത്രമേ വിനിയോഗിക്കാവൂ എന്നത് എച്ച്.ആർ.&സി.ഇ. നിയമത്തിന്റെ അടിസ്ഥാന തത്വങ്ങളിലൊന്നാണ്.

താൽക്കാലിക ജീവനക്കാരുടെ കാര്യത്തിൽ സേവനാനുകൂല്യങ്ങൾക്കും ക്ഷേമചെലവുകൾക്കും പ്രത്യേകമായി അംഗീകരിച്ച വ്യവസ്ഥകൾ സാധാരണയായി നിലവിലില്ലാത്തതിനാൽ, വ്യക്തിഗത ചികിത്സാചെലവുകൾ ക്ഷേത്രഫണ്ടിൽ നിന്ന് വഹിക്കുന്നത് നിയമപരമായി അംഗീകൃതമായ ചെലവായി കണക്കാക്കാൻ കഴിയില്ല. കൂടാതെ, ഇത്തരത്തിലുള്ള ചെലവുകൾക്ക് ബന്ധപ്പെട്ട അധികാരിയായ കമ്മീഷണറുടെ മുൻകൂർ അനുമതിയോ, നിലവിലുള്ള സേവനനിയമങ്ങളിലോ ക്ഷേമപദ്ധതികളിലോ ഉൾപ്പെട്ട അംഗീകാരമോ രേഖകളിൽ കാണുന്നില്ല.

അതിനാൽ, വൗച്ചർ നമ്പർ 109/29.04.2024 പ്രകാരമുള്ള ₹10,000 യുടെ ചെലവ് ക്ഷേത്ര ഫണ്ടുകളുടെ അനധികൃത വിനിയോഗമായി കണക്കാക്കപ്പെടുന്നു. സാധൂകരണം ലഭ്യമാവും വരെ ഈ ചെലവ് തടസ്സപ്പെടുത്താതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് രേഖാമൂലം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/23-3-2026) അസിസ്റ്റന്റ് കമ്മീഷണർക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാവുംവരെ ചെലവുതുകയായ 10,000/- രൂപ തടസ്സപ്പെടുത്തുന്നു.

3-4 കാവൽ തസ്തികയിലെ താൽക്കാലിക നിയമനത്തിന് മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരമില്ല-2,81,000/-രൂപ തടസ്സപ്പെടുത്തുന്നു

ശ്രീവിശ്വനാഥക്ഷേത്രത്തിൽ നിലവിൽ താഴെ പറയുന്ന തസ്തികകൾക്ക് അംഗീകാരമുണ്ട്.

1	പരിചാരകൻ
2	വാദ്യം
3	വഴിപാട് ക്ലർക്ക്
4	കഴകം
5	അടിച്ചുതളി
6	കാവൽ
7	ശാന്തി
8	കീഴ്ടം ശാന്തി (ഗണപതി ക്ഷേത്രം)
9	കീഴ്ടം ശാന്തി (ഗോകുലകൃഷ്ണ ക്ഷേത്രം)
10	മാതൃക്ഷേത്രം അടിച്ചുതളി

ഓഡിറ്റ് കാലയളവിൽ ഇതിൽ മാതൃക്ഷേത്രം അടിച്ചുതളി, കാവൽ, ശാന്തി എന്നിവരെ താൽക്കാലികമായി അതാത് തസ്തികകളിൽ നിയമിച്ച് വേതനം നൽകി വന്നതായി കാണുന്നുണ്ട്. എന്നാൽ ഈ നിയമനങ്ങൾക്ക് ദേവസ്വം ബോർഡിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ല. ഇതിൽ അടിച്ചുതളി, കഴകം എന്നിവ അടിസ്ഥാനതസ്തികകളാണ്. കാവൽ തസ്തികയിൽ ഓഡിറ്റ് കാലയളവിൽ ആളെ നിയമിച്ച് മാസവേതനം നൽകിയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

2023			2024	
വൌച്ചർ നം,തിയതി	തുക(₹)		വൌച്ചർ നം,തിയതി	തുക(₹)
02/03.01.2023	7500		03/01.01.2024	7500
51/06.02.2023	7500		41/01.02.2024	7500
64/03.03.2023	7500		53/01.03.2024	7500
93/03.04.2023	7500		91/04.04.2024	7500
113/02.05.2023	7500		113/05.05.2024	7500
143/02.06.2023	7500		133/05.06.2024	7500
174/04.07.2023	7500		164/01.07.2024	7500
190/01.08.2023	7500		190/01.08.2024	7500
191/01.08.2023	7500		215/02.09.2024	7500
211/21.08.2023	7500		382/28.10.2024	7500
249/06.10.2023	7500		386/01.11.2024	7500
296/03.11.2023	7500		430/02.12.2024	7500
320/04.12.2023	7500			
ആകെ	97500		ആകെ	90000

2025				
വൌച്ചർ നം,തിയതി	തുക(₹)		വൌച്ചർ നം,തിയതി	തുക(₹)
02/01.01.2025	7500		203/01.08.2025	7500
36/01.02.2025	7500		220/01.09.2025	7500
69/03.03.2025	7500		237/02.09.2025 (ഉത്സവബത്ത)	3500
91/04.04.2025	7500		267/03.10.2025	7500
122/02.05.2025	7500		291/03.11.2025	7500
152/02.06.2025	7500		328/01.12.2025	7500

173/02.07.2025	7500		**ആകെ**	**93500**

ഒട്ടാകെ-2,81,000/- [97,500+90,000+93,500)

2025 വർഷത്തെ ദേവസ്വത്തിലെ ആകെ ശമ്പള ചെലവ് 15,03,306 രൂപയാണ്. ആകെ വരവിന്റെ 60% തുകയും ശമ്പളച്ചെലവാണ് . കമ്മീഷണറുടെ മുൻകൂർ അനുവാദമില്ലാതെ അംഗീകൃത തസ്തികകളിലോ, പുതിയ തസ്തികകൾ സൃഷ്ടിച്ചോ ദിവസക്കൂലി അടിസ്ഥാനത്തിലുൾപ്പെടെയുള്ള നിയമനം നടത്തുന്നതിന് ക്ഷേത്രഭരണാധികാരികൾക്ക് അധികാരം ഉണ്ടായിരിക്കുന്നതല്ല എന്ന് 15.10.2010 തിയതിയിലെ സർക്കുലറിൽ നം ജെ8-7347/2010 മലബാർ ദേവസ്വം ബോർഡ് വ്യക്തമാക്കിയിട്ടുള്ളതാണ്. കാവൽ തസ്തികയിലെ നിയമനത്തിന് മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരം ലഭ്യമാക്കാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (7/24-3-2026) ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് എക്സിക്യൂട്ടീവ് ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അംഗീകാരമില്ലാതെ നടത്തിയ മേൽ ചെലവ് **2,81,000/- രൂപ** ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അംഗീകാരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-5 <u>മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിക്കാതെ ക്ഷേത്രത്തിലേക്ക് പ്രിന്റർ വാങ്ങിയത് ക്രമപ്രകാരമല്ല</u>

ഓഡിറ്റ് കാലയളവിൽ ക്ഷേത്രത്തിലേക്കാവശ്യമായ പ്രിന്ററുകൾ 38,500/-രൂപ ചെലവഴിച്ച് ഹണിവെൽ സിസ്റ്റം പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ മേൽ പ്പറഞ്ഞ സാധനങ്ങൾ വാങ്ങുന്നതിന് മത്സരാടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 02.03.2010 തിയതിയിലെ എച്ച്9/1637/10 നമ്പർ സർക്കുലർ പ്രകാരം കേരള സ്റ്റോർ പർച്ചേസ് മാന്വൽ ദേവസ്വം ബോർഡിനു കീഴിലെ ക്ഷേത്രങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ട്. മാന്വലിലെ വ്യവസ്ഥ പ്രകാരം 15,000/-രൂപയ്ക്കു മുകളിലുള്ള എല്ലാ വാങ്ങലുകളും മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിച്ചാവണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വാങ്ങലുകളുടെ സുതാര്യത ഉറപ്പുവരുത്താനുള്ള ബാദ്ധ്യത എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമാണ്. ഓഡിറ്റ് കാലയളവിൽ ഈ നിർദ്ദേശം പാലിച്ചു കാണുന്നില്ല. ക്വട്ടേഷൻ നടപടികൾ പാലിക്കാതെ സ്ഥാപനത്തിൽ നിന്നും സാധനസാമഗ്രികൾ നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. സാധനങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

വൌച്ചർനം ,തിയതി	തുക(₹)	തുക കൈപ്പറ്റിയ സ്ഥാപനം	വാങ്ങിയ സാധനം
372/21.10.2024	38,500	ഹണിവെൽ സിസ്റ്റം പാലക്കാട്	പ്രിന്ററുകൾ
ആകെ	**38,500**		

ഇതു സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിൽ ഭാവിയിൽ പരസ്യം നൽകി മത്സരാടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിച്ച് ഗുണനിലവാരം ഉറപ്പുവരുത്തി ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

3-6 അംശാദായം

ഓഡിറ്റ് കാലയളവിൽ അംശാദായമിനത്തിൽ മലബാർ ദേവസ്വം ബോർഡിനു നൽകിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

അംശാദായ വർഷം	വൗച്ചർ നമ്പർ / തീയതി	തുക (₹)	അടവാക്കിയ വർഷം	ചെക്ക് നം/തീയതി (0261-കേരള ബാങ്ക്)	രസീതി നമ്പർ / തീയതി
ലഭ്യമല്ല	112/11.4.25	1,00,000	2025	000048/29.3.25	007752/29.3.25
	ആകെ	**1,00,000/-**			

3-7 ക്ഷേമനിധി

ഓഡിറ്റ് കാലയളവിൽ ക്ഷേമനിധിയിനത്തിൽ ഒടുക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

വൗച്ചർ നമ്പർ / തീയതി	തുക (₹)	അടവാക്കിയ വർഷം	ചെക്ക് നം/തീയതി (0261-കേരള ബാങ്ക്)	രസീതി നമ്പർ / തീയതി
132/25.5.23	25,000	2023	265515/22.2.23	15490/22.5.23
159/20.6.24	25,000	2024	002296/20.6.24	17602/20.6.24
ആകെ	**50,000/-**			

3-8 ഓഡിറ്റ് ചാർജ്

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 19 പ്രകാരവും 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരവും താഴെ പറയുന്ന വിധം ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ് 0070-60-110-98 എന്ന ഖജാന ശീർഷകത്തിൽ ചലാൻ മുഖാന്തിരം ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ഒടുക്കേണ്ട ഓഡിറ്റ് ചാർജിന്റെ വിവരം ചുവടെ കൊടുക്കുന്നു.

വർഷം	സാധാരണ വരുമാനം	ഓഡിറ്റ് ചാർജ് നിരക്ക്	ഓഡിറ്റ് ചാർജ്
2023	2284175	1%	22842
2024	2194753.7	1%	21948

2025	2418794	1%	24188
		ആകെ	68978
		മുൻബാക്കി	149653
		ഒടുക്കിയ തുക	0
		ഒടുക്കാൻ ബാക്കി	218631

ഒടുക്കാൻ ബാക്കിയുള്ള തുകകളുടെ വിശദവിവരം

വർഷം	തുക(₹)
2004	821
2005	1015
2006	1598
2007	1628
2008	1594
2009	3355
2010	1678
2011	4683
2012	5583
2013	10876
2014	9498
2015	11163
2016	13441
2017	14119
2018	14853
2019	12256
2020	9442
2021	11589
2022	20461
2023	22842
2024	21948
2025	24188
ആകെ	**218631**

ഓഡിറ്റ് ചാർജ് അടിയന്തിരമായി ഒടുക്കേണ്ടതും തുക അടവാക്കിയതിന്റെ പകർപ്പ് GRN/Reference No. എന്നിവയിൽ ഏതിന്റെയെങ്കിലും വിവരം പരിശോധനക്കായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതുമാണ്.

ഭാഗം-4
ധനസ്ഥിതിയും ഓഡിറ്റ് പ്രത്യവലോകനവും

4-1 ധനസ്ഥിതി

വർഷം	2023	2024	2025
മുന്നിരിപ്പ് (₹)	2491728.62	1830813.84	1375682.42
തൻവർഷ വരവ് (₹)	3369060	4319704.7	4112905
ആകെ വരവ് (₹)	5860788.62	6150518.54	5488587.42
തൻവർഷ ചെലവ് (₹)	4029974.78	4774836.12	3848561.33
നീക്കിയിരിപ്പ് (₹)	1830813.84	1375682.42	1640026.09

4-2 ഓഡിറ്റ് അവലോകനം

വർഷങ്ങൾ	2023	2024	2025
ആകെ വരവ് (₹)	3369060	4319704.7	4112905
ആകെ ചെലവ് (₹)	4029974.78	4774836.12	3848561.33

ആകെ നിരാകരിച്ച തുക - ഇല്ല

തടസ്സപ്പെടുത്തിയ തുക – 2,91,000/-

നഷ്ടമായ തുക - ഇല്ല

4-3 ക്ഷേത്രഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം

ഇല്ല

4-4 കേന്ദ്ര/സംസ്ഥാന സർക്കാരിനുണ്ടായ വ്യക്തമായ നഷ്ടം

ഇല്ല

4-5 നിർമ്മാണ തൊഴിലാളി ക്ഷേമനിധിക്കുള്ള നഷ്ടം

ഇല്ല

4-6 നഷ്ടം നിർണ്ണയിക്കാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

4-7 ഓഡിറ്റിൽ നിരാകരിച്ചതിന്റേയും തടസ്സപ്പെടുത്തിയതിന്റേയും വിവരം

ഖണ്ഡിക	നിരാകരിച്ച തുക(₹)	തടസ്സപ്പെടുത്തിയ തുക (₹)
3-3	0	10,000/-
3-4	0	2,81,000/-
	ആകെ	**2,91,000/-**

4-8 നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസവും സ്ഥിരം മേൽവിലാസവും

പേര്	ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ഈശ്വരൻ നമ്പൂതിരി	എക്സിക്യൂട്ടീവ് ഓഫീസർ കേരളപുരം ശ്രീ വിശ്വനാഥസ്വാമി ദേവസ്വം, കൊടുവായൂർ	ഏറ്റിക്കട ഇല്ലം, കാരന്താട്(പിഒ), രാമന്തളി , പയ്യന്നൂർ

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

വർഷം	തടസ്സവാദങ്ങളുടെ എണ്ണം	വരവിലെ നഷ്ടം(₹)	നിരാകരിച്ച തുക(₹)	തടസ്സപ്പെടുത്തിയ തുക(₹)
2004-2019	1	-	-	1,23,000
2020-2022	1	-	5,500	-
ആകെ	2		5,500	1,23,000

4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-11 അനുബന്ധം

(1) വരവുചെലവ് പത്രിക-3 എണ്ണം

(2) സ്ഥിരനിക്ഷേപ പത്രിക-1 എണ്ണം

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-1

ശ്രീ കേരളപുരം വിശ്വനാഥ സ്വാമി ദേവസ്വം

വരവ് ചെലവ് പത്രിക 2023

വരവ്		തുക(₹)	ചെലവ്	തുക(₹)
മുന്നിരിപ്പ്				
കാഷ്	9855			
ബാങ്ക്	2481873.62	2491728.62	ശമ്പളം	903180
വഴിപാട്		1661815	വഴിപാട് ചെലവ്	344857
പലിശ		64916	പ്രിന്റിങ് & സ്റ്റേഷണറി	16701
ഭണ്ഡാരം		469144	ഇലക്ട്രിസിറ്റി & വാട്ടർ	46506
വാടക		88300	മാസവിശേഷം	73985
			മരാമത്ത്	79340
സാധാരണ വരവ്		**2284175**	ശമ്പള കുടിശ്ശിക	606993
മാനേജ്മെന്റ് ഫണ്ട്		1084885	ഉത്സവബത്ത	59500
ആകെ വരവ്		**3369060**	നികുതി	8281
			ലീവ് സറണ്ടർ	57131
			വഴിപാട് കുറ്	84000
			ലോക്കർ ഫീ&ബാങ്ക് ചെലവ്	5410.78
			ഇടക്കാലാശ്വാസം	172000
			സ്ഥിര നിക്ഷേപം	1510000
			പലവക	37090
			സാധാരണ ചെലവ്	**4004974.78**
			ക്ഷേമനിധി	25000
			ആകെ ചെലവ്	**4029974.78**
			നീക്കിയിരിപ്പ്- ക്യാഷ്- 8754	
			- ബാങ്ക്- 1822059.84	1830813.84
മുന്നിരിപ്പുൾപ്പെടെ ആകെ		**5860788.62**	നീക്കിയിരിപ്പുൾപ്പെടെ ആകെ	**5860788.62**

ബാങ്ക് നീക്കിയിരിപ്പിന്റെ വിശദാംശം

ബാങ്ക്	അക്കൗണ്ട് നം.	നീക്കിയിരിപ്പ് തുക(₹)
ട്രഷറി സേവിംഗ്സ് ബാങ്ക്	864	33399
കേരളാ ബാങ്ക്, കൊടുവായൂർ	0261	1767162.75
ധനലക്ഷ്മി ബാങ്ക്, പെരുവെമ്പ*	1047	21498.09
		1822059.84

*ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.12.23 ന് ബാങ്ക് നീക്കിയിരിപ്പ് 21615.09 ആണ്.

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീ കേരളപുരം വിശ്വനാഥ സ്വാമി ദേവസ്വം

വരവ് ചെലവ് പത്രിക 2024

വരവ്		തുക(₹)	ചെലവ്	തുക(₹)
മുന്നിരിപ്പ്				
കാഷ്	8754			
ബാങ്ക്	1822059.84	1830813.84	ശമ്പളം	1139710
വഴിപാട് വരവ്		1579550	വഴിപാട് ചെലവ്	390038
വാടക		77500	നികുതി	2631
പലിശ		69065.70	ഇലക്ട്രിസിറ്റി & വാട്ടർ ചാർജ്ജ്	48314
ഭണ്ഡാരം		450141	മാസവിശേഷം	74550
പലവക		18497	മരാമത്ത്	41368
സാധാരണ വരവ്		**2194753.7**	ലോക്കർ ഫീ&ബാങ്ക് ചെലവ്	1664.12
മാനേജ്മെന്റ് ഫണ്ട്		452262	ഉത്സവബത്ത	59500
സ്ഥിര നിക്ഷേപം		1672689	ശമ്പള കുടിശ്ശിക	589715
ആകെ വരവ്		**4319704.7**	ലീവ് സറണ്ടർ	57131
			വഴിപാട് കുറ്	49000
			സ്റ്റേഷണറി& പ്രിന്റിങ്	15740
			പലവക	105475
			സാധാരണ ചെലവ്	2574836.12
			ക്ഷേമനിധി	25000
			സ്ഥിര നിക്ഷേപം	2175000
			ആകെ ചെലവ്	**4774836.12**
			നീക്കിയിരിപ്പ് ക്യാഷ് - 2770	
			ബാങ്ക് - 1372912.42	1375682.42
മുന്നിരിപ്പുൾപ്പെടെ ആകെ		**6150518.54**	നീക്കിയിരിപ്പുൾപ്പെടെ ആകെ	**6150518.54**

ബാങ്ക് നീക്കിയിരിപ്പിന്റെ വിശദാംശം

ബാങ്ക്	അക്കൗണ്ട് നം.	നീക്കിയിരിപ്പ് തുക(₹)
ടഷറി സേവിംഗ്സ് ബാങ്ക്	864	33399
കേരളാ ബാങ്ക്, കൊടുവായൂർ	0261	1254279.75
ധനലക്ഷ്മി ബാങ്ക്, പെരുവെമ്പ	1047	85233.67
		1372912.42

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീ കേരളപുരം വിശ്വനാഥ സ്വാമി ദേവസ്വം

വരവ് ചെലവ് പത്രിക 2025

വരവ്		തുക(₹)	ചെലവ്	തുക(₹)
മുന്നിരിപ്പ്				
കാഷ്	2770	**1375682.42**	ശമ്പളം	1503306
ബാങ്ക്	1372912.42			
വഴിപാട്		1817711	വഴിപാട് ചെലവ്	483119
പലിശ		58799	സ്റ്റേഷണറി & പ്രിന്റിങ്	17656
ഭണ്ഡാരം		459634	ഇലക്ട്രിസിറ്റി & വാട്ടർ ചാർജ്ജ്	52179
വാടക		82650	മാസവിശേഷം	86920
സാധാരണ വരവ്		2418794	മരാമത്ത്	27300
മാനേജ്മെന്റ് ഫണ്ട്		1694111	ലോക്കർ ഫീസ്	1776.33
ആകെ വരവ്		4112905	നികുതി	2280.00
			ഉത്സവബത്ത	63000
			ശമ്പള കുടിശ്ശിക	1332600
			ലീവ് സറണ്ടർ	121030
			പലവക	57395
			സാധാരണ ചെലവ്	3748561.33
			അംശാദായം	100000
			ആകെ ചെലവ്	3848561.33
			നീക്കിയിരിപ്പ് – കാഷ് – 7373	**1640026.09**
			ബാങ്ക് **– 1632653.09**	
മുന്നിരിപ്പുൾപ്പെടെ ആകെ		**5488587.42**	നീക്കിയിരിപ്പുൾപ്പെടെ ആകെ	**5488587.42**

ബാങ്ക് നീക്കിയിരിപ്പിന്റെ വിശദാംശം

ബാങ്ക്	അക്കൗണ്ട് നം.	നീക്കിയിരിപ്പ് തുക(₹)
ട്രഷറി സേവിംഗ്സ് ബാങ്ക്	864	33399
കേരളാ ബാങ്ക്, കൊടുവായൂർ	0261	1434121.07
ധനലക്ഷ്മി ബാങ്ക്, പെരുവെമ്പ	1047	165133.02
		1632653.09

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-2

സ്ഥിര നിക്ഷേപം

ശ്രീ കേരളപുരം വിശ്വനാഥസ്വാമി ക്ഷേത്രം

31.12.2025 – സ്ഥിര നിക്ഷേപ പത്രിക

1) കൊടുവായൂർ കോ.ഓപ്പറേറ്റീവ് അർബൻ ക്രെഡിറ്റ് സൊസൈറ്റി					കുറിപ്പുകൾ
ക്രമം	എഫ്ഡി നം/ തിയ്യതി	തുക(₹)	പലിശ നിരക്ക്	കാലാവധി	
1	6555/18891 /14.10.2024	5664	8.5%	23.12.2025	പുതുക്കിയിട്ടില്ല
2	5006/2001025061/ 10.05.2023	10000	9%	10.04.2025	പുതുക്കിയിട്ടില്ല
	ആകെ	**15,664**			
2) കേരളാ ബാങ്ക്, കൊടുവായൂർ					
3	153018801200687/ 26.08.2024	25,000	8%	26.08.2025	പുതുക്കിയിട്ടില്ല
4	153018801200863/24.12.2024	5,00,000	8.25%	24.12.2025	പുതുക്കിയിട്ടില്ല
	ആകെ	**5,25,000**			
3) ധനലക്ഷ്മി ബാങ്ക്					
5	564758/12.11.2024	16,50,000	7.25%	21.05.2026	
	ആകെ	**16,50,000**			
	ആകെ മൊത്തം	**21,90,664**			

നിക്ഷേപങ്ങളുടെ സംഗ്രഹം

ക്രമ നമ്പർ	ബാങ്ക്	തുക(₹)
1	കൊടുവായൂർ കോ.ഓപ്പറേറ്റീവ് അർബൻ ക്രെഡിറ്റ് സൊസൈറ്റി	**15,664.00**
2	കേരളാ ബാങ്ക്, കൊടുവായൂർ	**5,25,000.00**
3	ധനലക്ഷ്മി ബാങ്ക്	**16,50,000.00**
	ആകെ	**21,90,664.00**

ഡെപ്യൂട്ടി ഡയറക്ടർ

നിക്ഷേപങ്ങൾ പൊരുത്തപ്പെടുത്തൽ

	2023	2024	2025
മുന്നിരിപ്പ്	4119	1514119	2190664
(-)നിക്ഷേപം മടങ്ങി വരവ്	0	1504119	0
ബാക്കി	4119	10000	2190664
(+)FD പുനർ നിക്ഷേപം	0	1504119	0
(+)പുതിയ നിക്ഷേപം	1510000	525000	0
(+)പലിശ നിക്ഷേപം	0	151545	0
ബാക്കി	1514119	2190664	2190664

ഡെപ്യൂട്ടി ഡയറക്ടർ

ചോദ്യാവലി

(1951-ലെ ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ വകുപ്പ് 100(2) (എൻ) ചട്ടം 5 പ്രകാരം പുറപ്പെടുവിക്കുന്ന ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളുടെ കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ കൂടെ സമർപ്പിക്കേണ്ടത്)

സ്ഥാപനത്തിന്റെ പേര് : കേരളപുരം ശ്രീവിശ്വനാഥസ്വാമി ക്ഷേത്രം, കൊടുവായൂർ

ഓഡിറ്റ് കാലയളവ് : 2023 മുതൽ 2025 വരെ

(ക)	കമ്മീഷണർ സൂക്ഷിക്കാനാവശ്യപ്പെട്ട പ്രകാരമുള്ള അക്കൗണ്ടുകളും രജിസ്റ്ററുകളും സൂക്ഷിച്ചിട്ടുണ്ടോയെന്ന്	:	ഖണ്ഡിക 1-6 കാണുക
(ഖ)	സ്ഥാപനത്തിന്റെ ആവശ്യത്തിനായി ഉപയോഗിക്കാത്ത എല്ലാ സ്ഥാവര വസ്തുക്കളും, മത്സ്യ ബന്ധനാവകാശം, ഗ്രാമീണ കുളങ്ങളിൽ വളരുന്ന നീളമേറിയ പുല്ലിന്മേലുള്ള അവകാശം, വൃക്ഷങ്ങളുടെ ഫലങ്ങളിന്മേലുള്ള അവകാശം തുടങ്ങിയവ നിർദ്ദിഷ്ട രീതിയിലും സ്ഥാപനത്തിന്റെ നേട്ടത്തിനുതകും വണ്ണവും പാട്ടത്തിനു നൽകിയിട്ടുണ്ടോയെന്നും എല്ലാ സംഗതികളിലും പാട്ടക്കരാർ നടപ്പാക്കിയിട്ടുണ്ടോയെന്നും ഏതെങ്കിലും സംഗതിയിൽ അത്തരം വസ്തു വകകൾ പാട്ടത്തിനു നൽകാതിരിക്കുകയോ പാട്ടക്കരാർ നടപ്പിൽ വരുത്താതിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം സംഗതികളുടെ വിവരം	:	ബാധകമല്ല
(ഗ)	സ്ഥാപനത്തിലേക്ക് വരേണ്ടുന്ന വിവിധ രീതിയിലുള്ള വരുമാനങ്ങൾ യഥാസമയം മുതൽക്കൂട്ടിയിട്ടുണ്ടോ, കാലപരിധി ലംഘിച്ച തുകകൾ തിരിച്ചീടാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ഇല്ലായെങ്കിൽ ഏതൊരു സംഗതികളിലാണ് അത്തരം നടപടി സ്വീകരിക്കാതിരുന്നത് എന്നത്	:	ഉണ്ട്
(ഘ)	ഏതെങ്കിലും അവകാശവാദങ്ങൾ കാലഹരണ നിയമപ്രകാരം കാലഹരണപെട്ടുപോയി എങ്കിൽ അത്തരം സംഗതികളുടെ വിവരം	:	ഇല്ല
(ങ)	എല്ലാ വരവുകളും കാലവിളംബം കൂടാതെ കണക്കിൽ വരുത്തിയിട്ടുണ്ടോ എന്നത്	:	ഉണ്ട്
(ച)	ഏതെങ്കിലും അവകാശവാദങ്ങൾ എഴുതി തള്ളിയിട്ടുണ്ടെങ്കിൽ, അത് എത്രയെന്നും എന്തിന്റെ അടിസ്ഥാനത്തിലെന്നും	:	ബാധകമല്ല
(ഛ)	അംഗീകൃത ബജറ്റിനനുസൃതമായാണോ ചെലവുകൾ എന്നും, പ്രസ്തുത ബജറ്റിൽ നിന്നും വല്ല വ്യതിയാനവുമുണ്ടെങ്കിൽ ആയവ എന്തെന്നും	:	ഖണ്ഡിക 1-1 കാണുക
(ജ)	എല്ലാ ചെലവിനങ്ങളും അതുമായി ബന്ധപ്പെട്ട അധികാരി അനുവദിച്ചിട്ടുണ്ടോയെന്നും അതിന് ഉപോൽ ബലകമായി ശരിയായ വൗച്ചറുകൾ ഉണ്ടോയെന്നും	:	ഖണ്ഡിക 3-1 കാണുക
(ഝ)	ഏതെങ്കിലും ചെലവിനം ഓഡിറ്ററുടെ അഭിപ്രായത്തിൽ പ്രഥമദൃഷ്ട്യാ പാഴ്ചെലവാണോയെന്ന്.	:	അല്ല
(ഞ)	സ്ഥാപനത്തിന്റേതല്ലാത്ത ആവശ്യത്തിന് ഏതെങ്കിലും ഫണ്ടുകളും വസ്തുവകകളും വകമാറ്റിയിട്ടുണ്ടോയെന്ന്	:	ഇല്ല

(ട)	മുൻകൂർ സംഖ്യകൾ തിരിച്ചുപിടിക്കുകയോ, താമസം വിനാ ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന്.	:	ബാധകമല്ല
(ഠ)	അടിയന്തിരചെലവിന് ആവശ്യമില്ലാത്ത തുക ബാങ്കിൽ അടച്ചിട്ടുണ്ടോ എന്നും അധിക ഫണ്ടുകൾ നിക്ഷേപിച്ചിട്ടുണ്ടോയെന്നും	:	ഉണ്ട്
(ഡ)	എല്ലാ സംഭാവനകളും കാണിക്കവസ്തുക്കളും കണക്കിൽ വരവു വെച്ചിട്ടുണ്ടോയെന്ന്	:	ഉണ്ട്
(ഢ)	കെട്ടിട പ്രവൃത്തികളുടെ കാര്യത്തിൽ അന്തിമ ഗഡു തീർപ്പാക്കുതിന് മുന്നേ അളവുപരിശോധന നടത്തിയിട്ടുണ്ടോയെന്നും, കൂടാതെ ആവശ്യമായ അനുബന്ധ കണക്കുകളും, അളവ് പുസ്തകം, നീക്കയിരുപ്പ് പുസ്തകം, കൂലിപട്ടിക തുടങ്ങിയ രജിസ്റ്ററുകളും, ദർഘാസ്, സമ്മതപത്രം മുതലായവയും സൂക്ഷിച്ചിട്ടുണ്ടോയെന്നും	:	മരാമത്തു പ്രവൃത്തികൾ നിർവ്വഹിച്ചിട്ടില്ല
(ണ)	വരവു സമാഹരണത്തിന്റെയോ, വിലപിടിപ്പുള്ള വസ്തുവകകളുടെയോ ചുമതലയുള്ള ജീവനക്കാരിൽനിന്നും കരുതൽ ധനം സ്വീകരിച്ചിട്ടുണ്ടോയെന്നും കരുതൽ ധാരണപത്രം തയ്യാറാക്കിയിട്ടുണ്ടോയെന്നും	:	ഖണ്ഡിക 2-7 കാണുക
(സ)	സ്ഥാപനം ഭരിക്കപ്പെടുന്നത് ഏതെങ്കിലും പദ്ധതി പ്രകാരമോ, വിജ്ഞാപന പ്രകാരം തയ്യാറാക്കിയ ചട്ടങ്ങൾ പ്രകാരമോ ആണെങ്കിൽ ഏതെങ്കിലും പദ്ധതി നിർദ്ദേശങ്ങളിൽ വല്ല ലംഘനവും ഉണ്ടായിട്ടുണ്ടോയെന്ന്	:	ഖണ്ഡിക 1-3 കാണുക

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ